Published on 14-03-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 106

# 2018-ലെ ക്രിമിനൽ നിയമം (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 106

# 2018-ലെ ക്രിമിനൽ നിയമം (കേരള ഭേദഗതി) ബിൽ

503/2018.

# 2018-ലെ ക്രിമിനൽ നിയമം (കേരള ഭേദഗതി) ബിൽ

## 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയും കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയും കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ ക്രിമിനൽ നിയമം (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1860-ലെ 45-ാം ആക്റ്റിന്റെ ഭേദഗതി.—1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 292-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"292എ. തികച്ചും അസഭ്യമായതോ അശ്ലീലമായതോ ആയ കാര്യത്തിന്റെയോ ബ്ലാക്ക്മെയിൽ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള കാര്യത്തിന്റെയോ അച്ചടി മുതലായവ.—ഏതൊരാളാണോ,—

(എ) തികച്ചും അസഭ്യമായതോ അശ്ലീലമായതോ ബ്ലാക്ക്മെയിൽ ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഏതെങ്കിലും ചിത്രമോ അച്ചടിച്ചതോ എഴുതിയതോ ആയ ഏതെങ്കിലും പ്രമാണമോ ഏതെങ്കിലും വർത്തമാനപത്രത്തിലോ ആനുകാലിക പ്രസിദ്ധീകരണത്തിലോ പരിപത്രത്തിലോ അച്ചടിക്കുകയോ അച്ചടിക്കുന്നതിനിടയാക്കിത്തീർക്കുകയോ പൊതുജനങ്ങൾക്ക്

കാണുന്നതിനായി പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കുന്നതിനിടയാക്കിത്തീർക്കുകയോ വിതരണം ചെയ്യുകയോ വിതരണം ചെയ്യുന്നതിനിടയാക്കിത്തീർക്കുകയോ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ; അല്ലെങ്കിൽ

(ബി) തികച്ചും അസഭ്യമായതോ അശ്ലീലമായതോ ബ്ലാക്ക്മെയിൽ ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഏതെങ്കിലും ചിത്രമോ അച്ചടിച്ചതോ എഴുതിയതോ ആയ ഏതെങ്കിലും പ്രമാണമോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ അല്ലെങ്കിൽ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ ചെയ്യുന്ന ആവശ്യങ്ങൾക്കുവേണ്ടി അവ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ

(സി) തികച്ചും അസഭ്യമായതോ അശ്ലീലമായതോ ബ്ലാക്ക്മെയിൽ ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഏതെങ്കിലും ചിത്രമോ അച്ചടിച്ചതോ എഴുതിയതോ ആയ ഏതെങ്കിലും പ്രമാണമോ, അങ്ങനെയുള്ള ചിത്രമോ പ്രമാണമോ അച്ചടിക്കുകയോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ ചെയ്യപ്പെടുമെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കാൻ കാരണമുണ്ടായിട്ടോ, കൊണ്ടുപോവുകയോ; അല്ലെങ്കിൽ

(ഡി) ഏതൊരു ബിസിനസ്സിന്റെ നടത്തിപ്പിനിടയ്ക്കാണോ അങ്ങനെയുള്ള ഏതെങ്കിലും വർത്തമാനപത്രമോ ആനുകാലിക പ്രസിദ്ധീകരണമോ പരിപത്രമോ, ചിത്രമോ മറ്റ് അച്ചടിച്ചതോ എഴുതിയതോ ആയ പ്രമാണമോ അച്ചടിക്കുകയോ പ്രദർശിപ്പിക്കുകയോ വിതരണം ചെയ്യുകയോ പ്രചരിപ്പിക്കുകയോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ സൂക്ഷിക്കുകയോ കൈമാറ്റം ചെയ്യുകയോ വിലയ്ക്കു വാങ്ങുകയോ ചെയ്യുന്നത്, അങ്ങനെയുള്ളതാണെന്ന് അയാൾക്ക് അറിയാവുന്നതോ വിശ്വസിക്കാൻ കാരണമുള്ളതോ ആയ ഏതെങ്കിലും ബിസിനസ്സിൽ പങ്കെടുക്കുകയോ അതിൽ നിന്നും ലാഭം സ്വീകരിക്കുകയോ; അല്ലെങ്കിൽ

(ഇ) ഏതെങ്കിലും ആൾ ഈ വകുപ്പ് പ്രകാരം കുറ്റകരമായ ഏതെങ്കിലും കൃത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നോ ഏർപ്പെടുവാൻ തയ്യാറാണെന്നോ അല്ലെങ്കിൽ തികച്ചും അസഭ്യമായതോ അശ്ലീലമായതോ ബ്ലാക്ക്മെയിൽ ചെയ്യുന്നതിന് വേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ അങ്ങനെയുള്ള ഏതെങ്കിലും വർത്തമാനപത്രമോ ആനുകാലിക പ്രസിദ്ധീകരണമോ പരിപത്രമോ ചിത്രമോ മറ്റ് അച്ചടിച്ചതോ എഴുതിയതോ ആയ പ്രമാണമോ ഏതെങ്കിലും ആളിൽ നിന്നോ ഏതെങ്കിലും ആൾ വഴിയായോ നേടാവുന്നതാണെന്ന് ഏതെങ്കിലും മാർഗ്ഗത്തിലൂടെ പരസ്യം ചെയ്യുകയോ അറിയിക്കുകയോ; അല്ലെങ്കിൽ

(എഫ്) ഈ വകുപ്പു പ്രകാരം കുറ്റകരമായ ഏതെങ്കിലും കൃത്യം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ശ്രമിക്കുകയോ;

ചെയ്യുന്നത് ; അയാൾ രണ്ട് വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ, ഈ വകുപ്പ് പ്രകാരമുള്ള രണ്ടാമത്തേതോ അതിനുശേഷമോ ഉള്ള ഏതെങ്കിലും കുറ്റത്തിന് അയാൾ ആറു മാസത്തിൽ കുറയാത്തതും രണ്ടു വർഷത്തിൽ കൂടാത്തതുമായ ഒരു കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

<u>വിശദീകരണം</u> 1—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടി, 'അശ്ലീലമായ' എന്ന പദത്തിൽ സദാചാരത്തിനു ഹാനികരമാകുവാൻ സാധ്യതയുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും ആളെ ഉപദ്രവിക്കുന്നതിന് കരുതിക്കൂട്ടിയുള്ളതോ ആയ ഏതൊരു കാര്യവും ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ്:

എന്നാൽ, സ്വഭാവത്തെ സംബന്ധിക്കുന്നതെന്തുതന്നെയായാലും, ഉത്തമ വിശ്വാസത്തോടു കൂടി,—

(i) ഒരു പബ്ലിക് സർവെന്റ് അയാളുടെ പൊതു ചുമതലകളുടെ നിർവ്വഹണത്തിൽ അല്ലെങ്കിൽ അയാളുടെ സ്വഭാവം സംബന്ധിച്ച് അയാളുടെ സ്വഭാവം ആ നിർവ്വഹണത്തിൽ പ്രകടമാകുന്നിടത്തോളവും അതിൽ കൂടുതലല്ലാതെയും; അല്ലെങ്കിൽ

(ii) ഏതെങ്കിലും ആൾ ഏതെങ്കിലും പൊതുപ്രശ്നത്തെക്കുറിച്ചും അയാളുടെ സ്വഭാവം സംബന്ധിച്ചും, അയാളുടെ സ്വഭാവം ആ നിർവ്വഹണത്തിൽ പ്രകടമാകുന്നിടത്തോളവും അതിൽ കൂടുതലല്ലാതെയും;

പ്രകടിപ്പിക്കുന്നതൊന്നും അശ്ലീലമല്ല.

<u>വിശദീകരണം</u> 2.—ഏതെങ്കിലും ആൾ ഈ വകുപ്പ് പ്രകാരം ഒരു കുറ്റം ചെയ്തിട്ടുണ്ടോയെന്ന് തീരുമാനിക്കുന്നതിൽ, കോടതി, മറ്റു സംഗതികൾക്കിടയിൽ, താഴെപ്പറയുന്ന ഹേതുക്കൾക്കുംകൂടി പരിഗണന നൽകേണ്ടതാണ്, അതായത്:—

(എ) കുറ്റം ചുമത്തപ്പെട്ട ആളിന്റെ പൊതുസ്വഭാവവും, ഉചിതമായിടത്ത്, അയാളുടെ ബിസിനസ്സിന്റെ സ്വഭാവവും;

(ബി) തികച്ചും അസഭ്യമോ അശ്ലീലമോ ബ്ലാക്ക്മെയിൽ ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആണെന്ന് ആരോപിക്കപ്പെടുന്ന കാര്യത്തിന്റെ പൊതുസ്വഭാവവും അതിപ്രഭാവവും.''.

3. <u>1974-ലെ 2-ാം ആക്റ്റിന്റെ ഭേദഗതി.</u>—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) ഒന്നാം പട്ടികയിൽ "ഇന്ത്യൻ ശിക്ഷാനിയമസംഹിതയിൻ കീഴിലുള്ള കുറ്റങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ "അദ്ധ്യായം XIV—പൊതുജനങ്ങളുടെ ആരോഗ്യം, ഭദ്രത, സൗകര്യം, സഭ്യത,

സാൻമാർഗ്ഗികത എന്നിവയെ ബാധിക്കുന്ന കുറ്റങ്ങൾ" എന്ന ഉപശീർഷകത്തിൻകീഴിൽ, 292-ാം വകുപ്പ് സംബന്ധിച്ച ഒന്നാം കോളത്തിലെ ഉൾക്കുറിപ്പുകൾക്കും അതിനുനേരെയുള്ള 2 മുതൽ 6 വരെ കോളങ്ങളിലുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | | | | |
|---|---|---|---|---|---|
| "292എ | തികച്ചും അസഭ്യമായതോ അശ്ലീലമായതോ ആയ കാര്യത്തിന്റെയോ ബ്ലാക്മെയിൽ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള കാര്യത്തിന്റെയോ അച്ചടി മുതലായവ | രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട 2 വർഷത്തെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ | നോൺ-കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേറ്റ്". |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിൽ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) അശ്ലീലമായ കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്. എന്നിരുന്നാലും അച്ചടിയും അതുപോലുള്ള രീതികളോ പ്രതിപാദനങ്ങളോ, പ്രത്യേകിച്ചും ആളുകളെ ബ്ലാക്മെയിൽ ചെയ്യുന്നതിനുള്ളവ വകുപ്പുകളിൽ ഉൾപ്പെട്ടുവരുന്നില്ല. രണ്ട് പൊതു താല്പര്യ ഹർജികൾ പരിഗണിക്കവെ, W.P.(C) Nos. 4363 & 23282/2009-ലെ 2009 ആഗസ്റ്റ് 14-ാം തീയതിയിലെ ഉത്തരവ് പ്രകാരം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, തമിഴ്നാട്ടിലും ഒറീസയിലും നടപ്പിലാക്കിയ ഇന്ത്യൻശിക്ഷാനിയമസംഹിതയിലെ 292 എ വകുപ്പിന് സമാനമായ ഒരു വ്യവസ്ഥയുടെ ആവശ്യകത സംബന്ധിച്ച പ്രശ്നം വേണ്ട രീതിയിൽ കൈകാര്യം ചെയ്യുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി. ബ്ലാക്മെയിൽ ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ അശ്ലീലമായ കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള വർദ്ധിച്ചുവരുന്ന പ്രവണത കണക്കിലെടുത്തുകൊണ്ട് നിയമം കൂടുതൽ ദൃഢവും നിശ്ചിതവും കർക്കശവുമാക്കണമെന്നതാണ് ഭേദഗതിയുടെ ഉദ്ദേശ്യം. പ്രസ്തുത ആവശ്യത്തിനായി ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ തദനുസൃതമായ പട്ടികയിലും 292 എ എന്ന പുതിയ വകുപ്പ് ചേർക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

(ശരിത്തർജ്ജമ)

## 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിൽ നിന്നുള്ള (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) പ്രസക്തഭാഗങ്ങൾ

** ** ** **

292. <u>അശ്ലീലമായ പുസ്തകങ്ങൾ മുതലായവയുടെ വില്പന മുതലായവ.</u>—(1) (2)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് ഒരു പുസ്തകമോ, ലഘുലേഖയോ, പത്രമോ, ലിഖിതമോ, രേഖാചിത്രമോ, വർണ്ണചിത്രമോ, പ്രതിരൂപമോ, രൂപമോ, അല്ലെങ്കിൽ മറ്റേതെങ്കിലും വസ്തുവോ, കാമോദ്ദീപകമോ ഭോഗാസക്തിപ്രചോദകമോ അല്ലെങ്കിൽ അതിന്റെയോ (അത് രണ്ടോ അതിലധികമോ വ്യതൃസ്തമായ ഇനങ്ങൾ ഉൾക്കൊള്ളുമ്പോൾ) അവയിൽ ഏതെങ്കിലും ഒരു ഇനത്തിന്റെയോ ഫലം സമഗ്രമായി എടുക്കുകയാണെങ്കിൽ, അതിൽ ഉൾക്കൊണ്ടിട്ടുള്ളതോ ആവിഷ്കരിച്ചിട്ടുള്ളതോ ആയ കാര്യം, പ്രസക്തമായ എല്ലാ പരിതഃസ്ഥിതികളും കണക്കിലെടുക്കുമ്പോൾ, വായിക്കുകയോ കാണുകയോ കേൾക്കുകയോ ചെയ്യാൻ ഇടയുള്ള ആളുകളെ ദുർവൃത്തരാക്കുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്ന പ്രവണതയോടുകൂടിയതാണെങ്കിൽ, അശ്ലീലമായി കരുതപ്പെടുന്നതാകുന്നു.

(2) ഏതൊരാളാണോ—

(ക) അശ്ലീലമായ ഏതെങ്കിലും പുസ്തകമോ, ലഘുലേഖയോ, പത്രമോ, രേഖാചിത്രമോ, വർണ്ണചിത്രമോ, പ്രതിരൂപമോ, രൂപമോ അല്ലെങ്കിൽ മറ്റേതെങ്കിലും അശ്ലീല സാധനമോ, അത് എന്തുതന്നെയായാലും, വിൽക്കുകയോ വാടകയ്ക്കു കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ അല്ലെങ്കിൽ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ആവശ്യങ്ങൾക്ക് അവ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും അശ്ലീല സാധനം മുൻപറഞ്ഞ ആവശ്യങ്ങളിൽ ഏതിനെങ്കിലും വേണ്ടിയോ അല്ലെങ്കിൽ അതു വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ ചെയ്യപ്പെടുമെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, ഇറക്കുമതി ചെയ്യുകയോ കയറ്റുമതി ചെയ്യുകയോ കൊണ്ടുപോവുകയോ; അല്ലെങ്കിൽ

(ഗ) ഏതൊരു ബിസിനസ്സിന്റെ നടത്തിപ്പിനിടയ്ക്കാണോ അങ്ങനെയുള്ള ഏതെങ്കിലും അശ്ലീല സാധനങ്ങൾ മുൻപറഞ്ഞ ആവശ്യങ്ങളിൽ, ഏതിനെങ്കിലുമായി നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ വിലയ്ക്ക് വാങ്ങുകയോ സൂക്ഷിക്കുകയോ ഇറക്കുമതി ചെയ്യുകയോ കയറ്റുമതി ചെയ്യുകയോ കൊണ്ടുപോകുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ളതാണെന്ന് തനിക്കറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും ബിസിനസ്സിൽ പങ്കെടുക്കുകയോ അതിൽ നിന്ന് ലാഭം സ്വീകരിക്കുകയോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും ആൾ, ഈ വകുപ്പുപ്രകാരം കുറ്റമായ ഏതെങ്കിലും കൃത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നോ, ഏർപ്പെടുവാൻ തയ്യാറാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അശ്ലീല സാധനം ഏതെങ്കിലും ആളിൽ നിന്നോ ആൾവഴിയായോ നേടാവുന്നതാണെന്നോ ഏതെങ്കിലും മാർഗ്ഗത്തിലൂടെ പരസ്യംചെയ്യുകയോ അറിയിക്കുകയോ; അല്ലെങ്കിൽ

(ങ) ഈ വകുപ്പുപ്രകാരം കുറ്റമായ ഏതെങ്കിലും കൃത്യം ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ശ്രമിക്കുകയോ,

ചെയ്യുന്നത്; അയാൾ ആദ്യത്തെ കുറ്റസ്ഥാപനത്തിൽ രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും, രണ്ടാമത്തേതോ അതിനുശേഷമോ ഉള്ള കുറ്റസ്ഥാപനത്തിന്റെ സംഗതിയിൽ അഞ്ചുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും, നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

<u>അപവാദം</u>.—ഈ വകുപ്പ്,—

(ക) (i) ഏതു പുസ്തകത്തിന്റെയോ ലഘുലേഖയുടെയോ പത്രത്തിന്റെയോ ലിഖിതത്തിന്റെയോ രേഖാചിത്രത്തിന്റെയോ വർണ്ണചിത്രത്തിന്റെയോ പ്രതിരൂപത്തിന്റെയോ രൂപത്തിന്റെയോ പ്രസിദ്ധീകരണമാണോ ആ പുസ്തകമോ ലഘുലേഖയോ പത്രമോ ലിഖിതമോ രേഖാചിത്രമോ വർണ്ണചിത്രമോ പ്രതിരൂപമോ രൂപമോ ശാസ്ത്രത്തിന്റെയോ സാഹിത്യത്തിന്റെയോ കലയുടെയോ പഠിപ്പിന്റെയോ അല്ലെങ്കിൽ സാമാന്യപ്രതിപത്തിയുള്ള മറ്റു വിഷയങ്ങളുടെയോ താൽപ്പര്യത്തിന് ഉതകുന്നതാണെന്നുള്ളത് കാരണമാക്കി പൊതുജന നൻമയ്ക്കെന്ന നിലയ്ക്ക് ന്യായീകരിക്കപ്പെട്ടതാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ളതോ, അല്ലെങ്കിൽ

(ii) മതപരമായ ആവശ്യങ്ങൾക്കായി സൂക്ഷിക്കുകയോ ഉത്തമ വിശ്വാസപൂർവ്വം ഉപയോഗിക്കുകയോ ചെയ്യുന്നതോ,

ആയ ഏതെങ്കിലും പുസ്തകത്തിലേക്കോ ലഘുലേഖയിലേക്കോ പത്രത്തിലേക്കോ ലിഖിതത്തിലേക്കോ രേഖാചിത്രത്തിലേക്കോ വർണ്ണചിത്രത്തിലേക്കോ പ്രതിരൂപത്തിലേക്കോ രൂപത്തിലേയ്ക്കോ;

(ഖ) (i) പുരാതന സ്മാരകങ്ങളും പുരാതനീയസ്ഥാനങ്ങളും അവശിഷ്ടങ്ങളും ആക്റ്റ്, 1958-ന്റെ അർത്ഥത്തിൽപ്പെടുന്ന ഏതെങ്കിലും പ്രാചീന സ്മാരകത്തിൻമേലോ അതിനുള്ളിലോ, അല്ലെങ്കിൽ

(ii) ഏതെങ്കിലും ക്ഷേത്രത്തിൻമേലോ അതിനുള്ളിലോ അല്ലെങ്കിൽ വിഗ്രഹങ്ങൾ എഴുന്നള്ളിക്കുന്നതിന് ഉപയോഗിക്കുന്നതോ ഏതെങ്കിലും മതപരമായ ആവശ്യത്തിനായി സൂക്ഷിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും രഥത്തിൻമേലോ,

തക്ഷണം ചെയ്തിട്ടുള്ളതോ കൊത്തിയിട്ടുള്ളതോ, ചായത്തിലെഴുതിയിട്ടുള്ളതോ അല്ലെങ്കിൽ മറ്റുവിധത്തിൽ രൂപിതമോ ആയ ഏതെങ്കിലും പ്രതിരൂപത്തിലേക്കോ, വ്യാപിക്കുന്നതല്ല.

** ** ** **

## 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

**                    **                    **                    **

| വകുപ്പ് | കുറ്റം | ശിക്ഷ | കോഗ്നൈസബിളോ നോൺ-കോഗ്നൈസബിളോ, എന്ന് | ജാമ്യം അനുവദിക്കേണ്ടതോ ജാമ്യം അനുവദിക്കേണ്ടതല്ലാത്തതോ, എന്ന് | ഏത് കോടതിയിൽ വിചാരണ ചെയ്യപ്പെടാമെന്ന് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 292 | അശ്ലീല പുസ്തകങ്ങൾ മുതലായവയുടെ വില്പന മുതലായവ | ആദ്യത്തെ കുറ്റസ്ഥാപനത്തിൻ മേൽ 2 വർഷത്തെ തടവും, 2,000 രൂപ പിഴയും, രണ്ടാമതായോ അതിനുശേഷമോ കുറ്റസ്ഥാപനം ഉണ്ടായാൽ 5 വർഷത്തെ തടവും 5,000 രൂപ പിഴയും | കോഗ്നൈസബിൾ | ജാമ്യം അനുവദിക്കേണ്ടത് | ഏതെങ്കിലും മജിസ്ട്രേറ്റ് |

**                    **                    **                    **